## പ്ലസ് ടുവിന് അധിക ബാച്ചുകൾ

35 (4364) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പ്ലസ് ടുവിന് അധിക ബാച്ചുകൾ അനുവദിച്ച് എന്നത്തേക്ക് പഠനം ആരംഭിക്കുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

പ്ലസ് ടുവിന് അധിക ബാച്ചുകൾ ഈ അക്കാദമിക വർഷത്തിൽ അനുവദിച്ച് പഠനം ആരംഭിക്കുവാനുള്ള നടപടികളാണ് സർക്കാർ കൈക്കൊള്ളുന്നത്.

## ഹയർ സെക്കന്ററി വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സ്പെഷ്യൽ റൂൾസ്

36 (4365) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർസെക്കന്ററി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭരണപരമായ കാര്യങ്ങൾ നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥരുടെ നിയമനം നടത്തുവാൻ ആവശ്യമായ സ്പെഷ്യൽ റൂൾസ് ഇതുവരെ ഉണ്ടാക്കിയിട്ടില്ലെന്നകാര്യം ശ്രദ്ധയിൽവന്നിട്ടുണ്ടോ ;

(ബി) ഇതുസംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ചട്ടങ്ങൾ നിർമ്മിക്കുവാൻ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(സി) ഹയർസെക്കന്ററി വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ സ്പെഷ്യൽ റൂൾസിന്റെ (സ്റ്റേറ്റ് സർവീസ്) കരട് ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽനിന്ന് സർക്കാരിൽ സമർപ്പിച്ചിരുന്നു. ഇത് സംബന്ധിച്ച് നടന്ന തുടർചർച്ചയിൽ ഉണ്ടായ നിർദ്ദേശങ്ങൾകൂടി ഉൾപ്പെടുത്തി പുതുക്കിയ കരട് സമർപ്പിക്കുവാൻ ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭിച്ചിട്ടില്ല.

## സർക്കാർ ഏറ്റെടുത്ത പഞ്ചായത്ത് ഹയർ സെക്കന്ററി സ്കൂളുകളിലെ അദ്ധ്യാപകരുടെ സീനിയോറിറ്റി

37 (4366) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർസെക്കന്ററി സ്കൂളുകളിലെ പ്രിൻസിപ്പൽ നിയമനത്തിന് അടിയന്തര നടപടി സ്വീകരിക്കുമോ ; പ്രസ്തുത നിയമനത്തിൽ സീനിയോറിറ്റിക്കുള്ള മാനദണ്ഡമെന്തെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly